**ME 318**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2024

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **Part-A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **Part-B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യത്തിന് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

**Score**

### Part - A

1. ഇന്ത്യയിലെ ഏറ്റവും വലിയ എണ്ണപ്പാടമേത് ? **1**

(A) ഡിഗ്ബോയ് (B) ധാറിയ

(C) നെയ്‌വേലി (D) മുംബൈ ഹൈ

2. 1929 - ൽ ലാഹോറിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആര് ? **1**

(A) സുഭാഷ് ചന്ദ്രബോസ് (B) മഹാത്മാ ഗാന്ധി

(C) ജവഹർലാൽ നെഹ്റു (D) സർദാർ വല്ലഭ് ഭായി പട്ടേൽ

3. അഴിമതി തടയുന്നതിനായി ദേശീയ തലത്തിൽ രൂപം നല്കിയിട്ടുള്ള സ്ഥാപനമേത് ? **1**

(A) ലോകായുക്ത (B) സംസ്ഥാന വിജിലൻസ് കമ്മീഷൻ

(C) ലോക്പാൽ (D) സംസ്ഥാന വിവരാവകാശ കമ്മീഷൻ

4. ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണം : **1**

(A) ജനന നിരക്ക് (B) ജന സാന്ദ്രത

(C) ജനസംഖ്യാഘടന (D) ലിംഗാനുപാതം

5. ഇന്ത്യയിലെ ശൈത്യകാലത്തിന്റെ ഒരു പ്രത്യേകതയേത് ? **1**

(A) ലൂ ഉഷ്ണക്കാറ്റ് (B) കാൽബൈശാഖി

(C) പശ്ചിമ അസ്വസ്ഥത (D) മാംഗോഷവർ

6. സമൂഹ ശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. **3**

Score

22. പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ ഏതെല്ലാം ?

23. സഹകരണ ബാങ്കുകളുടെ പ്രധാന ഉദ്ദേശ്യങ്ങൾ വിശദമാക്കുക. 4

**അല്ലെങ്കിൽ**

സർചാർജ്ജും സെസ്സും തമ്മിലുള്ള വ്യത്യാസമെന്ത് ?

24. പ്രാദേശികസമയവും സ്റ്റാൻഡേർഡ് സമയവും തമ്മിലുള്ള വ്യത്യാസ്മെന്ത് ? സ്റ്റാൻഡേർഡ് സമയത്തിന്റെ പ്രാധാന്യം വിശദമാക്കുക. 5

**അല്ലെങ്കിൽ**

മധ്യരേഖാ ന്യൂനമർദ്ദമേഖലയും ഉപോഷ്ണ ഉച്ചമർദ്ദമേഖലകളും രൂപം കൊള്ളുന്നതെങ്ങനെയെന്ന് വിശദമാക്കുക. ഈ മർദ്ദമേഖലകൾക്കിടയിൽ വീശുന്ന സ്ഥിരവാതമേത് ?

25. ചൈന ജനകീയ റിപ്പബ്ലിക്കായി മാറാനിടയായ സാഹചര്യങ്ങൾ വിശദമാക്കുക. 6

**സൂചനകൾ :**
- സൺയാത് സെന്നിന്റെ റിപ്പബ്ലിക്
- മാവോസേതുംഗിന്റെ പങ്ക്

**അല്ലെങ്കിൽ**

സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ഒന്നാം ലോകയുദ്ധത്തിന് കാരണമായതെങ്ങനെയെന്ന് സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

**സൂചനകൾ :**
- സൈനിക സഖ്യങ്ങൾ
- തീവ്രദേശീയത
- സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ

-oOo-

Score

7. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക. 3

8. കിഴക്കൻ മലനിരകളെക്കുറിച്ച് ലഘുകുറിപ്പെഴുതുക. 3

9. ഇന്ത്യയിലെ പ്രധാന കാർഷിക കാലങ്ങൾ വിശദമാക്കുക. 3

10. മാനവ വിഭവശേഷി വികസനത്തിന്റെ ഏതെങ്കിലും മൂന്ന് തലങ്ങൾ പട്ടികപ്പെടുത്തുക. 3

11. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുക. 4

12. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗപ്പെടുത്തുമ്പോഴും ഉപഭോക്താവ് പ്രതീക്ഷിക്കുന്നതെന്തെല്ലാം ? 4

13. ലഘു വിവരണം തയ്യാറാക്കുക : 4

(i) ചമ്പാരൻ സത്യാഗ്രഹം

(ii) ഖേഡ സത്യാഗ്രഹം

14. **'എ'** കോളത്തിന് അനുയോജ്യമായി **'ബി'** കോളം ക്രമപ്പെടുത്തി എഴുതുക. 4

| എ | ബി |
|---|---|
| ഒന്നേകാൽ കോടി മലയാളികൾ | ബാരിസ്റ്റർ ജി.പി. പിള്ള |
| നിവർത്തന പ്രക്ഷോഭം | ഡോ. പൽപ്പു |
| മലയാളി മെമ്മോറിയൽ | ഇ.എം.എസ്. നമ്പൂതിരിപ്പാട് |
| ഈഴവ മെമ്മോറിയൽ | സി. കേശവൻ |

15. താഴെപറയുന്ന ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) ഗോദാവരി നദി (B) പശ്ചിമഘട്ടം

(C) ചെന്നൈ തുറമുഖം (D) കച്ച് ഉപദ്വീപ്

## Part - B

16. ഇന്ത്യൻ സാമൂഹിക പരിഷ്കരണ രംഗത്ത് രാജാറാം മോഹൻ റായ് വഹിച്ച പങ്ക് വിശദമാക്കുക. 3

**അല്ലെങ്കിൽ**

ബ്രിട്ടീഷ് ഭരണ കാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങളെന്തെല്ലാം ?

Score

**17.** വസന്തകാലത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 3

**അല്ലെങ്കിൽ**

ചക്രവാതങ്ങൾ എന്നാലെന്ത് ? ഉത്തരാർദ്ധ ഗോളത്തിലെയും ദക്ഷിണാർദ്ധ ഗോളത്തിലെയും ചക്രവാതങ്ങളെ താരതമ്യം ചെയ്യുക.

**18.** ശിപായിമാരുടെയും രാജാക്കൻമാരുടെയും പ്രശ്നങ്ങൾ 1857 ലെ കലാപത്തിന് കാരണമായതെങ്ങനെ ? 3

**അല്ലെങ്കിൽ**

ഇന്ത്യയിൽ ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച സാമൂഹിക അനാചാരങ്ങൾ എന്തെല്ലാം ?

**19.** ബാങ്കിങ് രംഗത്തെ ആധുനിക പ്രവണതകളെകുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 4

**അല്ലെങ്കിൽ**

ഇന്ത്യയിൽ പൊതുകടം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ പട്ടികപ്പെടുത്തുക.

**20.** പൗരബോധം രൂപപ്പെടുത്തുന്ന ഘടകങ്ങൾ ഏതെല്ലാം ? 4

**അല്ലെങ്കിൽ**

രാഷ്ട്രം നിർവ്വഹിക്കുന്ന വിവേചനപരമായ ചുമതലകൾ സൂചിപ്പിക്കുക.

**21.** ഉപഗ്രഹ വിദൂര സംവേദനം എന്നാലെന്ത് ? ഉപഗ്രഹ ഛായാ ചിത്രങ്ങൾ തയ്യാറാക്കുന്നതെങ്ങനെ ? 4

**അല്ലെങ്കിൽ**

നല്കിയിട്ടുള്ള റഫറൻസ് ഗ്രിഡ് വിശകലനം ചെയ്ത് താഴെപറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(i) കുഴൽ കിണറിന്റെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(ii) 314874 എന്ന ഗ്രിഡ് റഫറൻസ് ഏത് സവിശേഷതയെ സൂചിപ്പിക്കുന്നു ?

(iii) വാസസ്ഥലങ്ങളുടെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

(iv) 3186 എന്ന 4 അക്ക ഗ്രിഡ് റഫറൻസ് ഏത് സവിശേഷതയെ കാണിക്കുന്നു ?

P.T.O.